## ഗ്രാമീൺ കൃഷി മൗസം സേവാ

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

**പ്രവചന കാലയളവ് 05.1.2022 മുതൽ 09.1.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 02/2021, (3) ചൊവ്വാഴ്ച്ച | തീയ്യതി: 04/1/2022 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (0.0) | (32.0-33.3) | (21.1-25.3) | (57-78) | (44-60) | (5.6-12.7) | (7.2-9.8) | (4.2-6.3) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 05.1.2022 | 06.1.2022 | 07.1.2022 | 08.1.2022 | 09.1.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 16 | 14 | 14 | 10 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 50 | 50 | 20 | 90 | 360 |
| മേഘവ്യാപ്തി (ഒക്ട) | 1 | 1 | 5 | 6 | 5 |

കാലാവസ്ഥാ അറിയിപ്പ് : **ജില്ലയിൽ മഴ ഇല്ലാത്ത സാഹചര്യത്തിലും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്.** കേരളത്തിൽ ശരാശരിയേക്കാൾ **കുറവ്** മഴ ലഭിക്കാൻ സാധ്യത.

### അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം

| 2022 ജനുവരി 5 | 2022 ജനുവരി 6 | 2022 ജനുവരി 7 | 2022 ജനുവരി 8 | 2022 ജനുവരി 9 |
|---|---|---|---|---|
| മഴ ഇല്ല | | | | |

### 3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ: മഴ ഇല്ലാത്ത സാഹചര്യത്തിലും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങു കാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|---|
| **നെല്ല്** (മുണ്ടകൻ) പാലുറയ്ക്കുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചൽ |  | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. |
| **നെല്ല് പുഞ്ച (പറിച്ചു നടീൽ)** | വിള പരിചരണം |  | പുഞ്ച കൃഷിക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. |
| മുളക് | ഇലപ്പേൻ |  | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയത്തക്ക വിധം 10 ദിവസം ഇടവേളകളിലായി ഇത് ആവർത്തിച്ച് തളിക്കുക.ആക്രമണം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 8 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ | ചൂർണ്ണപൂപ്പ് രോഗം |  | മഞ്ഞുക്കാലത്ത് പച്ചക്കറികളിൽ ചൂർണ്ണപൂപ്പ് രോഗം കാണാൻ സാധ്യതയുണ്ട്. ഇതിനു മുൻകരുതലായി 20 ഗ്രാം ട്രൈക്കോഡെർമ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| മൃഗസംരക്ഷണം | ചാണക പരിശോധന നടത്തി വിദഗ്ദോപദേശപ്രകാരം വിര മരുന്നുകൾ നൽകുക. കുളമ്പുരോഗത്തിന്റെ പ്രതിരോധ കുത്തിവെപ്പ് എടുക്കുക. ചെള്ള്, ഈച്ച, കൊതുക്, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്ക് എതിരെ ജാഗ്രത പുലർത്തുക. (CAADECCS, KVASU, മണ്ണുത്തി) | | |